**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *155 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീശാക്തീകരണ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ഡി.കെ. മുരളി**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) പെൺകുട്ടികൾക്കിടയിലുള്ള വിദ്യാഭ്യാസപരമായ മുന്നേറ്റം സാമൂഹ്യ തുല്യതയിൽ പ്രതിഫലിച്ചിട്ടില്ലാത്തതു കൊണ്ട് വനിത-ശിശു വികസന വകുപ്പ് ഇതിനായി നടത്തിവരുന്ന വനിതാ ശാക്തീകരണ പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) പെൺകുട്ടികൾക്കിടയിലുള്ള വിദ്യാഭ്യാസ-പരമായ മുന്നേറ്റം സാമൂഹ്യ തുല്യതയിൽ പ്രതിഫലിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സർക്കാർ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശുവികസന വകുപ്പ് രൂപീകരിച്ചത് . വകുപ്പ് മുഖേന വിവിധ ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സധൈര്യം മുന്നോട്ട് ക്യാമ്പയിൻ, In service Training, ജെൻഡർ ആഡിറ്റ്, പ്രിവൻഷൻ ക്യാമ്പയിൻ, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനൊത്ത തൊഴിൽ മേഖലകളിൽ തൊഴിൽ നേടിയെടുക്കുന്നതിലൂടെ അവർക്ക് സാമൂഹ്യ തുല്യത ഉറപ്പാക്കുക എന്ന ഉദ്ദേശം മുൻനിർത്തി വനിത വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്). നിലവിൽ തിരുവനന്തപുരത്തും കണ്ണൂരിലുമാണ് റീച്ച് പ്രവർത്തിച്ച് വരുന്നത്. +2 |

| | |
|---|---|
| | പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിൽ പരിശീലനം നൽകുകയും, കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിന് പുറമേ വനിതകൾക്ക് സ്വയം സംരംഭക വായ്പകളും വനിത വികസന കോർപ്പറേഷൻ നൽകി വരുന്നു. പ്രതിവർഷം ഇത്തരത്തിൽ 130 കോടി രൂപയോളം വായ്പാ നൽകി വരുന്നു. |
| (ബി) സ്ത്രീ വിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നടപടിയെടുത്തു വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; | ബി) സ്ത്രീകളോടുള്ള വിവേചനത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട് മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ കൂടാതെ സ്ത്രീകൾക്കെതിരെ നടക്കുന്ന ലിംഗാധിഷ്ഠിത അതിക്രമങ്ങൾ ചെറുക്കുന്നതിനും തടയുന്നതിനും വേണ്ടി ട്രെയിനിംഗുകൾ, സെമിനാറുകൾ, പ്രതിരോധ ക്യാമ്പയിനുകൾ, രാത്രി നടത്തം മുതലായവ സംഘടിപ്പിക്കുകയും വിവര സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പരസ്യം നൽകുകയും പോസ്റ്ററുകൾ, ലഘുലേഖകൾ മുതലായവ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. സ്ത്രീകളോടുള്ള വിവേചനപരമായ പെരുമാറ്റത്തെ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് തികച്ചും ശാസ്ത്രീയമായ രീതിയിൽ ജെൻഡർ ബോധവത്കരണ ക്ലാസുകൾ വനിതാ വികസന കോർപ്പറേഷൻ ""ബോധ്യം'' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കേരളത്തിന്റെ 52 |

| | |
|---|---|
| | കോളേജുകളിൽ വിമൻ സെൽ മുഖേന സ്ത്രീ വിവേചനത്തിനെതിരെ ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വൺസ്റ്റോപ്പ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ; | സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സ്വകാര്യ/പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലി സ്ഥലത്തും വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത ഹ്രസ്വ അഭയം, വീഡിയോ കോൺഫറൻസിംഗ് എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തി ആവർത്തിച്ച് ഇരയാക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് "സഖി" വൺ സ്റ്റോപ്പ് സെന്റർ. കേരളത്തിൽ 14 ജില്ലകളിലും വൺസ്റ്റോപ്പ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ 100 % ധനസഹായത്തോടെ വനിത ശിശു വികസന വകുപ്പിലെ സ്റ്റേറ്റ് നിർഭയ സെൽ നോഡൽ ഏജൻസിയായി അതാത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സ്കീം നടപ്പിലാക്കുന്നത്. ഈ കമ്മിറ്റി മുഖേന സെന്ററുകളുടെ കാര്യക്ഷമത പരിശോധിച്ചു വരുന്നുണ്ട്. |

| | |
|---|---|
| ഡി) സാമ്പത്തിക അടിത്തറയില്ലാത്ത ഒറ്റപ്പെട്ട സ്ത്രീകളുടെ സംരക്ഷണത്തിനായി പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) സാമ്പത്തിക അടിത്തറയില്ലാത്ത ഒറ്റപ്പെട്ട സ്ത്രീകളുടെ സംരക്ഷണത്തിനായി അഭയകിരണം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. അഭയ സ്ഥാനമില്ലാത്ത വിധവകളെ സംരക്ഷിക്കുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ ധനസഹായമായി അനുവദിക്കുന്നു. |

Sum

**സെക്ഷൻ ഓഫീസർ**